# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പ്രസിദ്ധീകരണത്തിന്/01.06.2018

## കേരളഗാനം: രചനകൾ ക്ഷണിക്കുന്നു

തൃശൂർ: കേരളത്തിലെ സർക്കാർ പരിപാടികളിലും പൊതുപരിപാടികളിലും ഉപയോഗിക്കുന്നതിന് ആവശ്യമായ മതേതരസ്വഭാവമുള്ള പ്രാർത്ഥനാഗാനം/വന്ദനഗാനം തയ്യാറാക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു.

മെയ് 26-ന് കേരള സാഹിത്യ അക്കാദമിയിൽ സാംസ്കാരികവകുപ്പുമന്ത്രി എ.കെ. ബാലന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സാംസ്കാരികനായകരുമായി നടത്തിയ ആശയവിനിമയപരിപാടിയിലാണ് ഇത്തരമൊരു അഭിപ്രായം ഉയർന്നുവന്നത്. ഇതു സംബന്ധിച്ച തുടർനടപടികൾ നിർവ്വഹിക്കുന്നതിന് കേരള സാഹിത്യ അക്കാദമിയെയാണ് മുഖ്യമന്ത്രി അധികാരപ്പെടുത്തിയത്. ഇക്കാര്യത്തിൽ കേരളത്തിലെ എഴുത്തുകാരുടെയും കവികളുടെയും ഗാനരചയിതാക്കളുടെയും സാംസ്കാരികപ്രവർത്തകരുടെയും രചനകളും നിർദ്ദേശങ്ങളും ഒരു ഉന്നതസമിതി പരിശോധിച്ച് അന്തിമതീരുമാനം സാംസ്കാരികവകുപ്പിന് സമർപ്പിക്കുന്നതായിരിക്കും. നിലവിലുള്ള ഉചിതമായ ഗാനങ്ങളും നിർദ്ദേശിക്കാവുന്നതാണ്. രചനകളും നിർദ്ദേശങ്ങളും ജൂൺ 30-നുമുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-20 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി